**No. CEE/5454/2018/KEAM-2019/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## KEAM-2019

## എം.ബി.ബി.എസ്, ബിഡി.എസ് ഒഴികെയുള്ള മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

സംസ്ഥാനത്തെ എം.ബി.ബി.എസ്, ബിഡി.എസ് ഒഴികെയുള്ള മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്ക് നിലവിൽ നികത്തപ്പെടാത്ത ഒഴിവുകൾ ഓൺലൈൻ മോപ്–അപ് കൗൺസിലിംഗ് വഴി നികത്തുന്നതിന് കേരളാ മെഡിക്കൽ, ആയുർവേദ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഇതുവരെ പ്രവേശനം നേടാതിരുന്ന വിദ്യാർത്ഥികൾക്ക് പുതുതായി ഓൺലൈൻ മോപ്–അപ് കൗൺസിലിംഗിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിന് **07.09.2019 മുതൽ 15.09.2019** വൈകുന്നേരം **05.00** മണി വരെ അവസരം നൽകിയിരുന്നു. അപ്രകാരം വിദ്യാർത്ഥികൾ നൽകിയ ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ഘട്ടത്തിൽ ആയുർവേദ (**BAMS**), ഹോമിയോപ്പതി (**BHMS)** സിദ്ധ, യുനാനി, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ കോഴ്സുകളിലും നിലവിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്.

പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ ഹോംപേജിൽ നിന്ന് അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിരിക്കും. ഈ ഘട്ടത്തിൽ ആയുർവേദ (ബി.എ.എം.എസ്), ഹോമിയോപ്പതി (ബി.എച്ച്.എം.എസ്), സിദ്ധ, യുനാനി എന്നിവയിലും അനുബന്ധ കോഴ്സുകളായ അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ കോഴ്സുകളിലും അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതുമായ ഫീസ്/ബാക്കി തുക (ബാധകമെങ്കിൽ) **17.09.2019** മുതൽ **18.09.2019,** വൈകുന്നേരം **4.00** മണി വരെ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റോഫീസ് മുഖാന്തിരമോ ഓൺലൈൻ പേയ്മെന്റ് മുഖേനയോ ഒടുക്കിയ ശേഷം **18.09.2019** വൈകുന്നേരം 5.00 മണിയ്ക്ക് മുൻപായി അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. ഫീസ് ഒടുക്കാൻ സൗകര്യമുള്ള ഹെഡ്പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി./ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾ എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും G.O.(MS)No.25/2005/SCSTDD, തീയതി: 20.06.2005, G.O.(MS)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും ടോക്കൺ ഡെപ്പോസിറ്റ് അടയ്ക്കേണ്ടതില്ല. അവർ അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ അഡ്മിഷൻ നേടേണ്ടതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്:–**

അഖിലേന്ത്യാ ക്വാട്ടയിൽ ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികളെയും എം.ബി.ബി.എസ്, ബിഡി.എസ് കോഴ്സുകളിൽ അഡ്മിഷൻ എടുത്തിരിക്കുന്ന വിദ്യാർത്ഥികളെയും സംസ്ഥാനത്തെ മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ് ക്കുള്ള അലോട്ട്മെന്റിന് പരിഗണിച്ചിട്ടില്ല. മുൻ അലോട്ട്മെന്റുകളിലൂടെ ആയുർവേദ, ഹോമിയോ, സിദ്ധ, യുനാനി, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ കോഴ്സുകളിൽ അഡ്മിഷൻ ലഭിച്ചവർക്ക് അവരുടെ ഓപ്ഷൻ പ്രകാരം മോപ്–അപ് കൗൺസിലിംഗ് വഴി പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ നേരത്തെ ലഭിച്ച അലോട്ട്മെന്റ് റദ്ദാകുന്നതാണ്.

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee.kerala.gov.in, www.cee-kerala.org** എന്നീ വെബ്സൈറ്റുകളിൽ ലഭിക്കുന്നതാണ്.

**ഹെൽപ്പ്ലൈൻ നമ്പരുകൾ– 0471–2339101, 2339102, 2339103, 2339104& 2332123 (10 am –5 pm).**

Seetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
16.09.2019